# Focus are SSLC March 2022

## സാമൂഹ്യ ശാസ്ത്രം–II

## CHAPTER-1




Biju KK, HST Social Science, GHSS Tuvvur 2021-22

# ഋതുക്കൾ ക്രമത്തിൽ

- ശൈത്യകാലം
- വസന്തകാലം
- ഗ്രീഷ്മകാലം
- ഹേമന്തകാലം

# ഋതുഭേദങ്ങൾ ഉണ്ടാവുന്നത് എന്തുകൊണ്ട്?

- ഭൂമിയുടെ പരിക്രമണം,
- അച്ചുതണ്ടിന്റെ ചരിവ്,
- അച്ചുതണ്ടിന്റെ സമാന്തരത.

ഇവമൂലമുള്ള സൂര്യന്റെ അയനം മൂലമാണ് ഭൂമിയിൽ വസന്തകാലം, ഗ്രീഷ്മ കാലം, ഹേമന്ത കാലം, ശൈത്യകാലം എന്നിങ്ങനെ വ്യത്യസ്ത ഋതുകൾ ചാക്രികമായി ആവർത്തിക്കുന്നത്.

# ഭൂമിയുടെ പരിക്രമണം

– ദീർഘവൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലൂടെ ഭൂമി സൂര്യനെ വലം വെക്കുന്നതിന് പരിക്രമണം എന്നു പറയുന്നു.

**ഭൂമിക്ക് സൂര്യനെ വലം വെക്കുന്നതിന് വേണ്ട കാലയളവ് എത്ര?**

–365 1/4 ദിവസം.

Biju KK, HST Social Science, GHSS Tuvvur 2021-22

# അച്ചുതണ്ടിന്റെ ചരിവ്




ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണപഥത്തിൽ 66 1/2 ഡിഗ്രി ചരിവും ലംബതലത്തിൽ 23 1/2ഡിഗ്രി ചെരിവുമാണ് ഉള്ളത്.

# അച്ചുതണ്ടിന്റെ സമാന്തരത




– അച്ചുതണ്ടിന്റെ സമാന്തരത പരിക്രമണ വേളയിൽ ഉടനീളം ഭൂമി അതിന്റെ അച്ചുതണ്ടിന്റെ ചരിവ് നിലനിർത്തുന്നതിന്നെയാണ് അച്ചുതണ്ടിന്റെ സമാന്തരത എന്നു പറയുന്നത്.

Biju KK, HST Social Science, GHSS Tuvvur 2021-22

# സൂര്യന്റെ അയനവും ഋതുഭേദങ്ങളും

-സൂര്യന്റെ അയനമാണ് ഭൂമിയിൽ ഋതുഭേദങ്ങൾക്ക് കാരണമാകുന്നത്.

-സൂര്യന്റെ അയനംമൂലം ഭൂമിയിൽ സൂര്യപ്രകാശം പതിക്കുന്നതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു.

-വർഷത്തിൽ ഒരു പകുതിയിൽ ഉത്തരാർദ്ധഗോളത്തിൽലും മറുപകുതിയിൽ ദക്ഷിണാർദ്ധഗോളത്തിലും ആയിരിക്കും സൂര്യരശ്മികൾ ലംബമായി പതിക്കുന്നത്.

-സൂര്യരശ്മികൾ ലംബമായി പതിക്കുന്ന അർദ്ധഗോളത്തിൽ ചൂട് പൊതുവെ കൂടുതലായിരിക്കും, അവിടെ വേനൽക്കാലവും ആയിരിക്കും.

-സൂര്യരശ്മികൾ ചരിഞ്ഞ് പതിക്കുന്ന അർദ്ധഗോളത്തിൽ ചൂട് കുറവും അവിടെ ശൈത്യവും ആയിരിക്കും.

-എന്നാൽ വർഷം മുഴുവൻ ഉയർന്നതോതിൽ സൂര്യപ്രകാശം ലഭിക്കുന്ന ഉഷ്ണമേഖലാപ്രദേശങ്ങളിൽ ഋതുഭേദങ്ങൾ പ്രകടമായി അനുഭവപെടാറില്ല.

-നാലു ഋതുക്കളും കൃത്യമായി അനുഭവപ്പെടുന്നത് മധ്യ അക്ഷാംശങ്ങളിലാണ് (23 1/2 ഡിഗ്രിക്കും-66 1/2 ഡിഗ്രിക്കും ഇടയിൽ).

# സൂര്യന്റെ ആപേക്ഷിക ചലനം




Biju KK, HST Social Science, GHSS Tuvvur 2021-22

# സൂര്യന്റെ ആപേക്ഷിക ചലനവു ഋതുക്കളും

| മാസം | സൂര്യന്റെ ആപേക്ഷിക ചലനം | ഋതു | |
|---|---|---|---|
| | | ഉത്തരാർദ്ധ ഗോളം | ദക്ഷിണാർദ്ധ ഗോളം |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | | | |
| ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | | | |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | | | |
| ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | | | |

Biju KK, HST Social Science, GHSS Tuvvur 2021-22

# സൂര്യന്റെ ആപേക്ഷിക ചലനവും ഋതുക്കളും

| മാസം | സൂര്യന്റെ ആപേക്ഷിക ചലനം | ഋതു | |
|---|---|---|---|
| | | ഉത്തരാർദ്ധ ഗോളം | ദക്ഷിണാർദ്ധ ഗോളം |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്ക് | വസന്തകാലം | ഹേമന്ത കാലം |
| ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഉത്തരായനരേഖയി നിന്നും ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മ കാലം | ശൈത്യകാലം |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ഭൂമധ്യരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്ക് | ഹേമന്ത കാലം | വസന്തകാലം |
| ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ദക്ഷിണായനരേഖയി നിന്നും ഭൂമധ്യരേഖയിലേക്ക് | ശൈത്യകാ ലം | ഗ്രീഷ്മ കാലം |

Biju KK, HST Social Science, GHSS Tuvvur 2021-22

# ഗ്രീഷ്മ അയനാന്തം

–മാർച്ച് 21 മുതൽ ഭൂമദ്ധ്യരേഖയിൽ നിന്നും വടക്കോട്ട് അയനം ചെയ്യുന്ന സൂര്യൻ ജൂൺ 21 ഇന്ന് ഉത്തരായന രേഖക്ക് നേർ മുകളിൽ എത്തുന്നു.

–ഈ ദിനത്തെ (ജൂൺ 21നെ) ഉത്തരാർദ്ധഗോളത്തിൽ ഗ്രീഷ്മ അയനാന്തദിനം എന്ന് വിളിക്കുന്നു.

–ഗ്രീഷ്മ അയനാന്ത ദിനത്തിൽ ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും, ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു.

## ജൂൺ 21ന് ദക്ഷിണാർദ്ധഗോളത്തിൽ രാത്രി പകലുകൾക്കുള്ള പ്രത്യേകത?

രാത്രിയുടെ ദൈർഘ്യം കൂടുതലും, പകലിന്റെ ദൈർഘ്യം കുറവും ആയിരിക്കും.

# ശൈത്യ അയനാന്തദിനം

–സെപ്റ്റംബർ 23 മുതൽ സൂര്യൻ ഭൂമധ്യരേഖയിൽ നിന്ന് തെക്കോട്ട് അയനം ചെയ്ത് ഡിസംബർ 22ന് ദക്ഷിണായന രേഖക്ക് നേർമുകളിൽ എത്തുന്നു.

–ഈ ദിവസത്തെ ഉത്തരാർദ്ധഗോളത്തിൽ ശൈത്യ അയനാന്ത ദിനം എന്ന് വിളിക്കുന്നു.

–ഈ ദിവസത്തിൽ ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ഹ്രസ്വമായ പകലും, ഏറ്റവും ദൈർഘ്യമുള്ള രാത്രിയും അനുഭവപ്പെടുന്നു.

Biju KK, HST Social Science, GHSS Tuvvur 2021-22

ഡിസംബർ 22ന് ദക്ഷിണാർധ ഗോളത്തിലെ രാപകലുകൾക്ക് എന്ത് പ്രത്യേകതയാണുള്ളത്?

-രാത്രിയുടെ ദൈർഘ്യം കുറവ്.

-പകലിന് ദൈർഘ്യം കൂടുതൽ.


ഉത്തരധ്രുവം
ആർട്ടിക് വൃത്തം
ഉത്തരായനരേഖ
സൂര്യരശ്മി
ഭൂമധ്യരേഖ
ദക്ഷിണായനരേഖ
അന്റാർട്ടിക് വൃത്തം
ദക്ഷിണധ്രുവം

# വിഷുവങ്ങൾ

–സൂര്യൻ ഭൂമധ്യരേഖക്ക് നേർമുകളിൽ ആയിരിക്കുമ്പോൾ ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധഗോളത്തിലും തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നു.

–മാർച്ച് 21 സെപ്റ്റംബർ23 എന്നീ ദിനങ്ങളിലാണ് സൂര്യന്റെ ആപേക്ഷിക സ്ഥാനം ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ വരുന്നത്.

–ഈ ദിനങ്ങളിൽ രണ്ട് അർദ്ധ ഗോളങ്ങളിലും രാത്രിയുടെയും പകലിന്റെയും ദൈർഘ്യം തുല്യമായിരിക്കും.

–ഈ ദിവസങ്ങളെ സമരാത്ര ദിനങ്ങൾ അഥവാ വിഷുവങ്ങൾ എന്ന് വിളിക്കുന്നു.

# വസന്തകാലം



Biju KK, HST Social Science, GHSS Tuvvur 2021-22

# വസന്തകാലം

–മാർച്ച് 21 മുതൽ ജൂൺ 21 വരെ സൂര്യൻ ഭൂമദ്ധ്യരേഖയിൽ നിന്നും ഉത്തരായനരേഖ യിലേക്ക് യാത്ര ചെയ്യുന്നു.

–ഈ കാലയളവിലാണ് ഉത്തരാർദ്ധഗോളത്തിൽ വസന്തകാലം അനുഭവപ്പെടുന്നത്.

–ശൈത്യകാലത്തിൽ നിന്ന് വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് വസന്തം.

## വസന്തകാലത്തിലെ സവിശേഷതകൾ?

-ചെടികൾ തളിർക്കുന്നു, പുഷ്പിക്കുന്നു.
-മാവ് പൂക്കുന്നു.
-പ്ലാവിൽ ചക്ക ഉണ്ടാവുന്നു.

ഉത്തരാർദ്ധഗോളത്തിൽ വസന്തകാലം ആയിരിക്കുമ്പോൾ ദക്ഷിണാർദ്ധഗോളത്തിൽ ഏത് കാലമായിരിക്കും?

-ഹേമന്തകാലം.

# ഗ്രീഷ്മകാലം



Biju KK, HST Social Science, GHSS Tuvvur 2021-22

# ഗ്രീഷ്മകാലം

–ജൂൺ 21 സൂര്യൻ ഉത്തരായനരേഖ യിൽ നിന്ന് തെക്കോട്ട് അയനം ചെയ്ത് സെപ്റ്റംബർ 23ന് ഭൂമധ്യരേഖയിലെത്തുന്നു.

–ഈ കാലയളവിലാണ് ഉത്തരാർദ്ധഗോളത്തിൽ വേനൽക്കാലം (ഗ്രീഷ്മകാലം) അനുഭവപ്പെടുന്നത്.

## വേനൽക്കാലത്ത് (ഗ്രീഷ്മകാലം) പരിസ്ഥിതിയിലുണ്ടാവുന്ന മാറ്റങ്ങൾ എന്തെല്ലാം?

-അന്തരീക്ഷ താപം വർദ്ധിക്കുന്നു.
-ജലാശയങ്ങൾ വറ്റുന്നു.
-വരൾച്ച അനുഭവപെടുന്നു.
-ജലക്ഷാമം അനുഭവപ്പെടുന്നു.

# ഹേമന്തകാലം



# ഹേമന്തകാലം

-സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെയാണ്
ഉത്തരാർദ്ധഗോളത്തിൽ ഹേമന്ത കാലം.
-സൂര്യൻ ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായന
രേഖയിലേക്ക് അയനം ചെയ്യുന്ന കാലമാണിത്.

-വേനൽ കാലത്തിന്റെ തീക്ഷ്ണതയിൽ നിന്ന് ശൈത്യ
കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് ഹേമന്തം

-പകലിന്റെ ദൈർഘ്യം കുറഞ്ഞ് വരികയും രാത്രിയുടെ
ദൈർഘ്യം കൂടി വരികയും ചെയ്യുന്നു.
-വരാനിരിക്കുന്ന ശൈത്യകാലത്തെ അതിജീവിക്കാൻ
മരങ്ങൾ ഇലപൊഴിക്കുന്നു.

# ശൈത്യകാലം



# ശൈത്യകാലം

–സൂര്യൻ ദക്ഷിണായനരേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക് സഞ്ചരിക്കുന്ന കാലത്തിലാണ് ഉത്തരാർദ്ധഗോളത്തിൽ ശൈത്യകാലം.

–ഡിസംബർ 22 മുതൽ മാർച്ച് 21 വരെയാണ് ഉത്തരാർദ്ധഗോളത്തിൽ ശൈത്യകാലം.

# സവിശേഷതകൾ

–തണുപ്പ് വർദ്ധിക്കുന്നു.

–മഞ്ഞ് വീഴ്ച്ചയുണ്ടാവുന്നു.

# ഭൂമിയുടെ ഭ്രമണവും സമയനിർണയവും.



Biju KK, HST Social Science, GHSS Tuvvur 2021-22

# പ്രാദേശിക സമയം

–ഒരു പ്രദേശത്തെ സൂര്യന്റെ ഉച്ചസ്ഥാനത്തെ അടിസ്ഥാനമാക്കി നിർണയിക്കുന്ന സമയമാണ് പ്രാദേശിക സമയം.

–സൂര്യൻ തലയ്ക്കുമുകളിൽ എത്തുന്ന ഉച്ചയ്ക്ക് 12:00 മണി ആയിരിക്കും.

–ആദ്യകാലങ്ങളിൽ ഒരു പ്രദേശത്തെ സൂര്യന്റെ ഉച്ചസ്ഥാനവും, സൂര്യപ്രകാശം സൃഷ്ടിക്കുന്ന നിഴലും അടിസ്ഥാനമാക്കി ആയിരുന്നു സമയം നിർണയിച്ചിരുന്നത്.

**ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയങ്ങൾ ഉണ്ടായാൽ അത് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാം?**

**-രാജ്യത്ത് ഉടനീളം ബാധകമാകുന്ന തീവണ്ടി സമയക്രമം തയ്യാറാക്കാൻ കഴിയില്ല.**

**-റേഡിയോ പരിപാടികളെക്കുറിച്ചുള്ള അറിയിപ്പ് നൽകാൻ കഴിയില്ല.**

**-രാജ്യത്ത് എല്ലായിടത്തും ഒരേ ചോദ്യപേപ്പർ ഉപയോഗിച്ച് ഒരേസമയം പരീക്ഷകൾ നടത്താൻ കഴിയില്ല.**

# ഭൂമിയുടെ ഭ്രമണം



# ഭ്രമണവും സമയനിർണയവും.

–ഭൂമി സ്വന്തം അച്ചുതണ്ട് ആധാരമാക്കി ഭ്രമണം ചെയ്യുന്നതിന്റെ ഫലമായാണ് രാത്രിയും പകലും ഉണ്ടാകുന്നത്.

–ഭൂമി ഭ്രമണം ചെയ്യുന്നത് പടിഞ്ഞാറുനിന്ന് കിഴക്കോട്ട് ആണ്.

–ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ എടുക്കുന്നു.

–ഭ്രമണം പടിഞ്ഞാറു നിന്നു കിഴക്കോട്ട് ആയതിനാൽ സൂര്യോദയം കിഴക്കുനിന്ന് ആയിരിക്കും.

Biju KK, HST Social Science, GHSS Tuvvur 2021-22

ഇന്ത്യയിൽ സൂര്യനെ ആദ്യം കാണുന്നത് ഏത് സംസ്ഥാനത്ത് ഉള്ളവരായിരിക്കും?

–അരുണാചൽ പ്രദേശ്

Biju KK, HST Social Science, GHSS Tuvvur 2021-22

# സമയനിർണയം.

-ഭൂമിയുടെ കോണളവ് 360 ഡിഗ്രി ആണ്.

-ഓരോ ഡിഗ്രി കോണളവിലും ഒരു രേഖാംശം വീതം വരച്ചാൽ 360 രേഖാംശരേഖ ലഭിക്കും.

-360 ഡിഗ്രി തിരിയാൻ ഭൂമിക്ക് വേണ്ടത് 24 മണിക്കൂറാണ്.

-24 മണിക്കൂറിനെ മിനിറ്റിലേക്ക് മാറ്റിയാൽ 24 X 60 = 1440 മിനിറ്റ്.

–അതായത് 360 ഡിഗ്രി തിരിയാൻ ഭൂമിക്ക് വേണ്ട സമയം 1440 മിനിറ്റ്.

–ഒരു ഡിഗ്രി രേഖാംശപ്രദേശം തിരിയാൻ ഭൂമിക്ക് വേണ്ട സമയം 1440/360 = 4 മിനിറ്റ്.

–15 ഡിഗ്രി രേഖാംശ പ്രദേശം തിരിയുമ്പോൾ ഒരു മണിക്കൂർ സമയ വ്യത്യാസം ഉണ്ടാകും –
15 x 4 മിനിറ്റ് = 60 മിനിറ്റ് (1 മണിക്കൂർ).

–അതായത് ഒരു മണിക്കൂറിൽ ഭൂമിയുടെ 15 ഡിഗ്രി രേഖാംശ പ്രദേശമാണ് സൂര്യന്റെ മുന്നിലൂടെ കടന്നു പോകുന്നത്.


12
Noon
11.56 am
12.4 pm
1°
West
0°
1°
East

- ഭൂമിയുടെ ഭ്രമണം പടിഞ്ഞാറുനിന്നും കിഴക്കോട്ട് ആയതിനാൽ സമയം കൂടുതൽ രേഖപ്പെടുത്തുന്നത് കിഴക്കോട്ടും സമയം കുറവ് രേഖപ്പെടുത്തുന്നത് പടിഞ്ഞാറോട്ടും ആയിരിക്കും.

- ഒരു നിശ്ചിത രേഖാംശത്തിൽ നിന്നും കിഴക്കോട്ട് ഓരോ ഡിഗ്രി രേഖാംശത്തിനും സമയം നാലു മിനിറ്റ് കൂടിയും പടിഞ്ഞാറോട്ട് നാലു മിനിറ്റ് കുറഞ്ഞും വരുന്നു.

# ഗ്രീനിച്ച് സമയവും സമയമേഖലയും



# ഗ്രീനിച്ച് സമയവും (GMT)സമയമേഖലയും

–പൂജ്യം ഡിഗ്രി രേഖാംശ രേഖ ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നു.

–ഈ രേഖ ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണ ശാല സ്ഥിതി ചെയ്യുന്ന ഗ്രീനിച്ച് എന്ന സ്ഥലത്ത് കൂടി പോകുന്നതിനാൽ ആണ് ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നത്.

–ഗ്രീനിച്ച് രേഖ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കപ്പെടുന്നത്.

Biju KK, HST Social Science, GHSS Tuvvur 2021-22

–അതിനാൽ ഗ്രീനിച്ച് രേഖയെ പ്രൈം മെറിഡിയൻ എന്ന് വിളിക്കുന്നു.

–ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയത്തെ ഗ്രീനിച്ച് സമയം എന്ന് പറയുന്നു.

–ഗ്രീനിച്ച് രേഖ അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതം സമയ വ്യത്യാസം ഉള്ള 24 സമയ മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.

–ഇവ സമയമേഖലകൾ എന്നറിയപ്പെടുന്നു.

Biju KK, HST Social Science, GHSS Tuvvur 2021-22

ഓരോ സമയമേഖലയുടെയും രേഖാംശീയ വ്യാപ്തി എത്ര?

– 15°

Biju KK, HST Social Science, GHSS Tuvvur 2021-22

# സ്റ്റാൻഡേർഡ് സമയം

–വിവിധ രേഖാംശങ്ങളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ അതാതിടങ്ങളിലെ പ്രാദേശികസമയം പരിഗണിച്ചാൽ അത് പല അവസരങ്ങളിലും ആശയക്കുഴപ്പമുണ്ടാക്കും.

–ഇതു പരിഹരിക്കാൻ രാജ്യത്തിന്റെ കേന്ദ്രഭാഗത്ത് കൂടി കടന്നുപോകുന്ന രേഖാംശത്തിലെ പ്രാദേശിക സമയത്തെ രാജ്യത്തെ മുഴുവൻ പൊതു സമയമായി കണക്കാക്കുന്നു.

Biju KK, HST Social Science, GHSS Tuvvur 2021-22

–രാജ്യത്തിന്റെ ഏറെക്കുറെ മദ്ധ്യത്തിലൂടെ കടന്നു പോകുന്ന രേഖാംശരേഖ മാനകരേഖാംശമായി (സ്റ്റാൻഡേർഡ് മെറിഡിയൻ) പരിഗണിക്കുന്നു.

–മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനക സമയം(സ്റ്റാൻഡേർഡ് സമയം).




Biju KK, HST Social Science, GHSS Tuvvur 2021-22


37°6' N
82°30' E
97°25' E
68°7' E
2933 km
Tropic of cancer
Land Frontier
15200 Km
7500 Km
Coastline
8°4' N
6°30' N
Indira Point

# ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (IST)

–പൂർവ്വരേഖാംശം 68 ഡിഗ്രി മുതൽ സെക്സ് 97 ഡിഗ്രി വരെയാണ് ഇന്ത്യയുടെ രേഖാംശീയ വ്യാപ്തി.

–ഇന്ത്യയുടെ ഏകദേശം മധ്യത്തായി സ്ഥിതിചെയ്യുന്ന 82 1/2 ഡിഗ്രി പൂർവ രേഖാംശത്തെയാണ് ഇന്ത്യയുടെ മാനകരേഖാംശമായി കണക്കാക്കുന്നത്.

–ഈ രേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യയിലെ പൊതുവായ സമയം

–ഇതിനെ ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എന്ന് വിളിക്കുന്നു.

Biju KK, HST Social Science, GHSS Tuvvur 2021-22

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്ത് നിന്നും എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു.

–5.30 മണിക്കൂർ കൂടുതൽ ആയിരിക്കും

Biju KK, HST Social Science, GHSS Tuvvur 2021-22

Calculate the time at each 15° longitude east and west of the Greenwich Line up to 180° longitude and complete the table.

| Time at Greenwich - Friday 10 A.M. | | | | | |
|---|---|---|---|---|---|
| *To the west of Greenwich* | | | *To the east of Greenwich* | | |
| **Longitude** | **Day** | **Time** | **Longitude** | **Day** | **Time** |
| $15^0$ | Friday | 9 am | $15^0$ | Friday | 11 am |
| $30^0$ | Friday | 8 am | $30^0$ | Friday | 12 noon |
| $45^0$ | **Friday** | **7am** | $45^0$ | **Friday** | **1pm** |
| $60^0$ | **Friday** | **6am** | $60^0$ | **Friday** | **2pm** |
| $75^0$ | **Friday** | **5am** | $75^0$ | **Friday** | **3pm** |
| $90^0$ | **Friday** | **4am** | $90^0$ | **Friday** | **4pm** |
| $105^0$ | **Friday** | **3am** | $105^0$ | **Friday** | **5pm** |
| $120^0$ | **Friday** | **2am** | $120^0$ | **Friday** | **6pm** |
| $135^0$ | **Friday** | **1am** | $135^0$ | **Friday** | **7pm** |
| $150^0$ | **Thursday** | **12midnight** | $150^0$ | **Friday** | **8pm** |
| $165^0$ | **Thursday** | **11pm** | $165^0$ | **Friday** | **9pm** |
| $180^0$ | **Thursday** | **10pm** | $180^0$ | **Friday** | **10pm** |

# അന്താരാഷ്ട്ര ദിനാങ്കരേഖ




10 pm Friday
10 pm Thursday
Siberia
Alaska

# അന്താരാഷ്ട്ര ദിനാങ്കരേഖ

–180 ഡിഗ്രി രേഖാംശ രേഖയെയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ എന്ന് പറയുന്നത്.

–ഈ രേഖയ്ക്ക് പടിഞ്ഞാറ് 24 മണിക്കൂർ കൂടുതലും കിഴക്ക് 24 മണിക്കൂർ കുറവും ആയിരിക്കും.

–അതായത് ഈ രേഖക്ക് പടിഞ്ഞാറുഭാഗത്ത് വെള്ളി ആണെങ്കിൽ കിഴക്കുഭാഗത്ത് വ്യാഴം ആയിരിക്കും.

Biju KK, HST Social Science, GHSS Tuvvur 2021-22

-ഒരു രാജ്യത്തിന്റെ മധ്യത്തിലൂടെ ഈ രേഖ കടന്നു പോകുമ്പോൾ ദിവസങ്ങളിൽ ഉണ്ടാകുന്ന വ്യത്യാസം പരിഹരിക്കുന്നതിനുവേണ്ടി കര ഭാഗത്തെ ഒഴിവാക്കി കടലിലൂടെ വളച്ചാണ് വരച്ചിരിക്കുന്നത്.

-പസഫിക് സമുദ്രത്തിലെ ബെറിങ് കടലിടുക്കിലൂടെ ആണ് അന്താരാഷ്ട്ര ദിനാങ്കരേഖ കടന്നുപോകുന്നത്.

-ഈ രേഖ മുറിച്ചുകടന്ന് പടിഞ്ഞാറോട്ട് സഞ്ചരിക്കുന്ന ഒരാൾ കലണ്ടറിൽ ഒരുദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു.

# ALL THE BEST

BIJU KK
GHSS TUVVUR
*MALAPPURAM* - *9778300200*